# മൻ കി ബാത്ത്

വാല്യം – 8



# MANN KI BAAT
## VOL.8

**Authors**
Sarda Mohan and Tanushree Banerji

**Illustrations and Cover Art**
Dilip Kadam

**Assistant Artist**
Ravindra Mokate

**Production**
Amar Chitra Katha

**Colourists**
Prakash Sivan, Prajeesh V. P. and Periasamy Samikannu

**Flat Colourists**
Vineesh S. Sreedharan and Srinath Malolan M.

**Layout Artist**
Akshay Khadilkar

**Published by**
Amar Chitra Katha Pvt. Ltd

MALAYALAM

ISBN – 978-93-6127-785-6

Amar Chitra Katha Pvt. Ltd, January 2024

© Ministry of Culture, Govt of India, January 2024
All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.

**എന്റെ പ്രിയപ്പെട്ട കുട്ടികളേ,**

ഇന്ത്യ വൈവിധ്യങ്ങളുടെ രാജ്യമാണെന്ന് പറയാറുണ്ട്. ഇത് സത്യമാണ്. നമ്മൾ വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളുമുള്ള മനുഷ്യരാണ്, പക്ഷേ നമ്മൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നമ്മെയെല്ലാം ബന്ധിപ്പിക്കുന്നത് മൂല്യങ്ങളും ചിന്തകളും മനോഭാവവുമാണ്.

പ്രകൃതി വിഭവങ്ങളുടെ ദൗർലഭ്യം വർദ്ധിച്ചുവരുന്ന കാര്യം നിങ്ങൾക്കറിയാമല്ലൊ. കാടുകൾ കുറഞ്ഞുവരികയും ജലം വറ്റുകയും ചെയ്യുന്നു. എന്നാൽ 'പ്രശ്ന പരിഹാര' മനോഭാവമുള്ള ആളുകൾ നമ്മുടെ രാജ്യത്തുടനീളമുണ്ട്. അവർ പ്രശ്നം അഭിമുഖീകരിച്ചു, പരിഹാരത്തെക്കുറിച്ച് ചിന്തിച്ചു, അത് നടപ്പിലാക്കാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്തു. അങ്ങനെ ചെയ്യുന്നതിലൂടെ, അവർ സ്വന്തം ജീവിതവും, അയൽവാസികളുടെ ജീവിതവും, പക്ഷികളുടെയും മൃഗങ്ങളുടെയും ജീവിതം പോലും മെച്ചപ്പെടുത്തി.

തനിച്ച് ഒരു കാട് സൃഷ്ടിച്ച അസമിൽ നിന്നുള്ള ജാദവ് പയേങ്ങിനെക്കുറിച്ച് നിങ്ങളോട് പറയാൻ എനിക്ക് അഭിമാനമുണ്ട്. ഇന്ന് കടുവകളുടേയും കാണ്ടാമൃഗങ്ങളുടേയും വീടാണത്.

ആസ്സാമിലെന്നതുപോലെ കേരളത്തിൽ റാഫി രാമനാഥ് ഒരു ചെറുവനം സൃഷ്ടിച്ചു. അമരേഷ് സാമന്ദ് ഒഡീഷയിൽ, സുരേഷ് കുമാർ കർണ്ണാടകത്തിൽ, ജഗദീഷ് കുനിയാൽ ഉത്തരഖണ്ഡിൽ മരം നട്ടുകൊണ്ട് പ്രശ്ന പരിഹാരമുണ്ടാക്കി.

മിസോറാമിലെ മനുഷ്യർ അവരുടെ വിലപ്പെട്ട നദിയായ ചിറ്റെ ലൂയി ശുചീകരിച്ചു; പിന്നീട് അവർ, അവിടെ നിന്ന് നീക്കം ചെയ്ത പ്ലാസ്റ്റിക്കിൽ നിന്ന് ഒരു റോഡ് നിർമ്മിച്ചു! രാജ്യത്തിന്റെ ഇങ്ങേയറ്റത്ത് തമിഴ്നാട്ടിലെ സ്ത്രീകൾ, വരണ്ട നദിയായ നാഗനദിയെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു.

അതുകൊണ്ട്, നോക്കൂ, നിങ്ങൾ എവിടെയാണ് താമസിക്കുന്നത് എന്നത് വിഷയമല്ല. 'പ്രോബ്ലം-സോൾവർ' ആകാനുള്ള മനോഭാവം നിങ്ങൾക്ക് സ്വയം വളർത്തിയെടുക്കാൻ കഴിയുമെങ്കിൽ, നിങ്ങൾക്ക് എവിടെയും മാറ്റം കൊണ്ടുവരാൻ കഴിയും.



# ഉള്ളടക്കം


| | | |
|---|---|---|
| 1 | അമരേഷ് സാമന്ദ് | 3 |
| 2 | ഇന്ദർപാൽ സിങ് ബത്ര | 6 |
| 3 | ജാദവ് പയേങ് | 9 |
| 4 | ജഗ്ദീഷ് ചന്ദ്ര കുനിയാൽ | 12 |
| 5 | റാഫി രാമനാഥ് | 15 |
| 6 | രിപു ദാമൻ ബെവ്‌ലി | 18 |
| 7 | നാഗനദി | 21 |
| 8 | സാംഗെ ഷെർപ | 23 |
| 9 | സേവ് ചിറ്റെ ലൂയി | 26 |
| 10 | സുരേഷ് കുമാർ | 28 |
| 11 | തുൾസിരാം യാദവ് | 31 |

# അമരേഷ് സാമന്ദ്



കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് വിദ്യാർത്ഥികൾ പരിസ്ഥിതി പ്രവർത്തകരുമായി പ്രത്യേക ക്ലാസിലായിരുന്നു.
സർ, നിങ്ങൾ സ്വയം ഒരു വനം സൃഷ്ടിച്ചുവെന്നത് ശരിയാണോ?
ഇതുവരെ ഇല്ല, എന്നാൽ ഞാൻ മറ്റു ചിലർക്കൊപ്പം അതിൽ പ്രവർത്തിക്കുന്നു.
പക്ഷേ എന്തുകൊണ്ടാണ് സാർ? ഇത് കൃഷിയല്ല. നിങ്ങൾക്ക് അതിൽ നിന്ന് ഭക്ഷണമൊന്നും ലഭിക്കുന്നില്ല.
കാടുകളുണ്ടാക്കിയാൽ ഒരുപാട് ഗുണങ്ങളുണ്ട്. മലിനീകരണത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും എതിരെ പോരാടാൻ ഇത് സഹായിക്കുന്നു. വായു ശുദ്ധീകരിക്കാനും പാരിസ്ഥിതിക വ്യവസ്ഥ നിലനിർത്താനും ചുറ്റുപാടുമുള്ള പ്രദേശങ്ങളെ കടുത്ത കാറ്റിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കാനും ഇത് സഹായിക്കുന്നു.
മലിനീകരണം കൂടുന്നതിനനുസരിച്ച് വനവൽക്കരണം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഭാഗ്യവശാൽ, വനങ്ങളുണ്ടാക്കാൻ ആളുകൾ പ്രവർത്തിക്കുന്നുണ്ട്. അത്തരത്തിലൊരാളാണ് ഒഡീഷയിൽ നിന്നുള്ള അമരേഷ് സാമന്ത്.
ഞാൻ അദ്ദേഹത്തിന്റെ കഥ പറയാം.
ഒഡീഷയിലെ തീരപ്രദേശത്തുള്ള ബിൽവാലി എന്ന ഗ്രാമത്തിലാണ് അമരേഷ് സാമന്ത് വളർന്നത്.
മറ്റൊരു ചുഴലിക്കാറ്റ് നമ്മുടെ ഗ്രാമത്തെ ബാധിക്കാൻ പോകുന്നു. നമ്മുടെ വീട് സുരക്ഷിതമായിരിക്കുമെന്ന് പ്രതീക്ഷിക്കാം.
ചുഴലിക്കാറ്റുകൾ ഇങ്ങിനെ നാശം വിതയ്ക്കുന്നത് തടയാൻ നാം എന്തെങ്കിലും ചെയ്യണം.
ഒരു സാധാരണ ഇലക്ട്രിക്കൽ എഞ്ചിനീയറായിരുന്നു അമരേഷ്, എങ്കിലും പ്രകൃതി ദുരന്തങ്ങൾ തടയണമെന്ന ചിന്ത അദ്ദേഹത്തിന് എപ്പോഴുമുണ്ടായിരുന്നു.
നദിക്കരയിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് ചുഴലിക്കാറ്റിന്റെ ആഘാതം കുറയ്ക്കാൻ സഹായിക്കുമെന്ന് ഞാൻ വായിച്ചിട്ടുണ്ട്. താങ്കൾക്ക് എന്നെ സഹായിക്കാമോ?
തീർച്ചയായും. സുഹൃത്തുക്കളോട് നമുക്കൊപ്പം ചേരാൻ ആവശ്യപ്പെടാം.


1995–ൽ ഏതാനും സന്നദ്ധ പ്രവർത്തകരോടൊപ്പം അമരേഷ് നദി തടങ്ങളിൽ നിരനിരയായി മരങ്ങൾ നടാൻ ആരംഭിച്ചു.
തടാക തീരത്തും നമുക്ക് മരങ്ങൾ നടാം.
അടുത്തുള്ള പാതയോരത്തും പൊതു സ്ഥലങ്ങളിലും നമുക്ക് നടാം.
വർഷങ്ങളായി, ജഗത്സിംഗ്പൂർ ജില്ലയിലുടനീളം അമരേഷും സംഘവും നിരവധി പ്ലാന്റേഷൻ ഡ്രൈവുകൾ നടത്തി.
പക്ഷെ ഒഡീഷയിൽ ഒരു കൊടുങ്കാറ്റ് വീശിയപ്പോൾ–
മരങ്ങൾ കടപുഴങ്ങി!
വീടുകൾക്കും വസ്തു വകകൾക്കും വരുത്തിയ നാശത്തിന് ഒട്ടും കുറവില്ല.
അമരേഷ് ഇതിനൊരു പരിഹാരത്തിനായി ഒരുപാടു വർഷം അന്വേഷിച്ചു. 2015 ൽ–
ഗ്രാമ്യ ജംഗിൾ* ആണ് ഇതിനുള്ള ഉത്തരം. മൈക്രോഫോറസ്റ്റുകൾ ഉണ്ടാക്കാൻ നമുക്ക് കൂട്ടമായി മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതുണ്ട്. ഇത് മണ്ണൊലിപ്പ് നിയന്ത്രിക്കുകയും ചുഴലിക്കാറ്റിന്റെയും വെള്ളപ്പൊക്കത്തിന്റെയും ആഘാതം കുറയ്ക്കുകയും ചെയ്യും.
പക്ഷെ അതിന് ഭൂമിയെവിടെ?
അമരേഷും സംഘവും ഭൂമി ദാനമായി ലഭിക്കാൻ ഗ്രാമവാസികളെ സമീപിച്ചു.
ഭക്ഷണത്തിനായി ചില വിളകൾ വളർത്താൻ നമുക്ക് ഇതിനെ നന്നായി ഉപയോഗിക്കാം.
ഞങ്ങളെന്തിന് സൗജന്യമായി നൽകണം?
പല ഗ്രാമീണരും ഈ അപേക്ഷ നിരസിച്ചു.

*ഗ്രാമ വനം




*ഗ്രാമ മുഖ്യൻ

^ഒരു ബഹുമാന സൂചകം

# ഇന്ദർപാൽ സിങ് ബത്ര




കുരുവികൾക്കായി ഇന്ദർപാൽ ധാന്യങ്ങളും വിത്തുകളും വയ്ക്കാൻ തുടങ്ങി. ഉടൻ –
നോക്കൂ, കുറച്ച് കുരുവികൾ തിന്നാൻ വന്നിരിക്കുന്നു. അവർ പതിവായി വരുമായിരിക്കും.
ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ഇന്ദർപാലിന് ഒരു ആശയം തോന്നി.
ഞാൻ ഈ കലത്തിൽ ഒരു ദ്വാരമുണ്ടാക്കി അതിൽ വൈക്കോൽ നിറച്ചു. ഞാനിത് നമ്മുടെ വീടിന്റെ പുറത്ത് ഒട്ടിക്കാൻ പോകുന്നു, കുരുവികൾ അത് ഒരു കൂടായി ഉപയോഗിക്കുമായിരിക്കും.
വൈകാതെ –
നോക്കൂ നിങ്ങളുടെ ഐഡിയ വർക്ക് ചെയ്തു തുടങ്ങി.
ഞാൻ വളരെ സന്തോഷത്തിലാണ്! ഞാൻ കൂടുതൽ കലങ്ങൾ ഓർഡർ ചെയ്യാനും കുരുവികൾക്കായി കൂടുതൽ കൂടുകൾ ഉണ്ടാക്കാനും പോകുന്നു.
ഇന്ദർപാൽ നിരവധി മൺപാത്ര കൂടുകൾ ഉണ്ടാക്കി വീടിനകത്തും പുറത്തും സ്ഥാപിച്ചു.
നമ്മുടെ വീടിന് ഇപ്പോൾ കാണാൻ നല്ല ഭംഗി വന്നിട്ടുണ്ട്.
അത് അങ്ങിനെ തന്നെ, കുരുവികളാൽ നിറയുമ്പോൾ നമ്മുടെ ചുറ്റുപാടുകളും ഭംഗിയാകും.


ഇന്ദർപാൽ സ്ഥിരമായി കുരുവികൾക്ക് ഭക്ഷണവും വെള്ളവും വെച്ചു, വർഷങ്ങളോളം നിരവധി കുരുവികൾ അദ്ദേഹത്തിന്റെ വീട്ടിൽ സ്വന്തം കൂടൊരുക്കി.
പപ്പാ, നോക്കൂ, ഇവൾ എന്റെ കൈയ്യിൽ ഇരിക്കുന്നു.
ഇവളെപോലെ നിരവധിപേരുണ്ട്, അമൃത. രസകരമായിട്ടുണ്ട് അല്ലേ?
കൂടുതൽ പക്ഷികൾക്ക് കൂടുണ്ടാക്കാൻ കഴിയുമെന്നു ചിന്തിക്കുകയാൽ ഇന്ദർപാൽ തന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ മരങ്ങൾ നട്ടുവളർത്താൻ തുടങ്ങി.
വർഷങ്ങളായി അദ്ദേഹം നൂറുകണക്കിന് മരങ്ങൾ നട്ടുപിടിപ്പിച്ചു.
ഇന്ദർപാലിന്റെ വീട്ടിന്റെ മാറ്റം കണ്ട് അദ്ദേഹത്തിന്റെ ചില അയൽക്കാർ പ്രചോദിതരായി.
ഇന്ദർപാൽ, നിങ്ങൾ ചെയ്യുന്നത് വലിയ കാര്യമാണ്. പക്ഷികളുടെ എണ്ണം കൂടിയിട്ടുണ്ട്!
കുരുവി സംരക്ഷിക്കാനായി നിങ്ങളെ സഹായിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.
പക്ഷികൾക്ക് ഭക്ഷണവും വെള്ളവും പതിവായി സൂക്ഷിക്കുക, അവ തീർച്ചയായും നിങ്ങളുടെ വീടിന് ചുറ്റും താമസത്തിനു വരും.
15 വർഷത്തിലേറെയായി ഇന്ദർപാൽ കുരുവികൾക്ക് ഭക്ഷണം നൽകുന്നു. ഇന്ന്, അദ്ദേഹത്തിന്റെ വീട്ടിൽ 100-ലധികം കൂടുകളുണ്ട്, 2,500-ഓളം കുരുവികൾ ഇവിടെ താമസിക്കുന്നു.
കുരുവി സംരക്ഷണത്തിനായുള്ള ഇന്ദർപാലിന്റെ പ്രവർത്തനങ്ങൾ മറ്റു പലർക്കും പ്രചോദനമായിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രയത്നങ്ങൾക്ക് നമ്മുടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ നിന്ന് പോലും മൻ കി ബാത്തിൽ പ്രശംസ ലഭിച്ചു.

# ജാദവ് പയേങ്


സ്കൂളിലെ പൂന്തോ
ട്ടത്തിൽ –
അയ്യോ! ഞങ്ങൾ നട്ട പുതിയ തൈകളെല്ലാം ഉണങ്ങി.
അവധിക്ക് ഒരാഴ്ച മുമ്പ് എല്ലാം നന്നായി കാണപ്പെട്ടി രുന്നു.


തൈ നട്ടാൽ മാത്രം പോരാ എന്ന താണ് കാര്യം. അത് നന്നായി പരിപാലിക്കേണ്ടതുണ്ട്. ആസാമിൽ നിന്നുള്ള ജാദവ് പയേങ്ങിനെപ്പോലെ, ഒരു വനം മുഴുവൻ അദ്ദേഹം ഒറ്റയ്ക്കു സൃഷ്ടിച്ചു, അതും ഒരു മണൽത്തി ട്ടയിൽ!


ലോകത്തിലെ ഏറ്റവും വലിയ നദീതട ദ്വീപുകളിലൊ
ന്നായ മജൗലിയിലാണ് അപൂർവ്വ ഗോത്രത്തിൽപ്പെട്ട
ജാദവ് മൊലായ് പയേങ് താമസിക്കുന്നത്.


1979 ലെ ചുട്ടുപൊള്ളുന്ന നട്ടുച്ച, 16 വയസ്സുള്ള
ജാദവ് തന്റെ ജീവിതത്തെ എന്നെന്നേക്കുമായി മാറ്റി
മറിക്കുന്ന ഒരു കാര്യം കണ്ടു.
എത്ര പാമ്പുക ളാണ്! എല്ലാം ചത്തു!


മണൽ അവയ്ക്ക് ചുട്ടുപൊള്ളുന്നതാണ്, ഇവിടെയാണെങ്കിൽ തണലുമില്ല.


ഈ ചൂടു
കാരണം ഒരു
ദിവസം നമ്മളും
മരിച്ചു വീഴും.
ഇതു തടയാൻ
എന്തെങ്കിലും
ചെയ്തേ മതി
യാകൂ.
ജാദവ് പിറ്റേന്ന് മണൽത്തിട്ട
യിൽ കുറച്ച് മുളം തൈകൾ
നട്ടു...
ഹോ!
എന്തൊരു
ചൂട്.
...അതിനു ശേഷം
ഇത് കഠിനമായ ജോലിയായിരുന്നു.
എന്നിട്ടും അയാൾ അതു തുടർന്നു.
അയാൾ മറ്റു തരം ചെടികളും നട്ടു പിടിപ്പി
ച്ചു തുടങ്ങി. ഓരോ ദിവസം ഒരു ചെടി വീതം
നടാൻ ആരംഭിച്ചു. അതുവരെ...
...നേരത്തെ മണൽ മാത്രമുണ്ടാ
യിരുന്നിടത്ത് സമൃദ്ധമായ കാട്
വളർന്നുവന്നു.


40 ൽ ഏറെ വർഷങ്ങൾക്കു ശേഷം, മണൽത്തിട്ടയ്ക്ക് മൊളായി വനം എന്ന് അദ്ദേഹം നാമകരണം ചെയ്തു. ആനകളും കടുവകളും കാണ്ടാമൃഗങ്ങളും എല്ലാത്തരം പക്ഷികളും ഇവിടെ പാർക്കുന്നു.


ജാദവിന്റെ ജീവിതത്തെ ക്കുറിച്ച് പുസ്തകങ്ങളും സിനിമകളും ഡോക്യുമെന്ററികളും നിർമ്മിക്കപ്പെട്ടു. ഇന്ത്യയുടെ ഫോറസ്റ്റ് മാൻ എന്നറിയപ്പെടുന്ന ജാദവിനെ 2015 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.


ജാദവ് ഇപ്പോഴും എല്ലാ ദിവസവും പുലർച്ചെ 4.30 ന് എഴുന്നേറ്റ് തന്റെ വനത്തിൽ ചെല്ലുകയും, പരിപാലിക്കുകയും ചെയ്യുന്നു.
ഇത് ഞാൻ മാത്രമായി സൃഷ്ടിച്ചതല്ല. ഞാൻ മരങ്ങൾ നടുകമാത്രമേ ചെയ്തുള്ളു. മരങ്ങളിൽ വിത്തുവന്നാൽ, കാറ്റിന് അത് എങ്ങനെ നടണമെന്നറിയാം. പക്ഷികൾക്ക് അത് വിതയ്ക്കാനറിയാം, മൃഗങ്ങൾക്കുമറിയാം, ബ്രഹ്മപുത്രയ്ക്കു പോലും അറിയാം. മുഴുവൻ ആവാസവ്യവസ്ഥയ്ക്കുമറിയാം.
ജാദവിന് പ്രകൃതിയുടെ ഭാഷയറിയാം. അതിൽ ലയിച്ചു ചേരാനും.

# ജഗ്ദീഷ് ചന്ദ്ര കുനിയാൽ




*മലഞ്ചെരുവിലെ മഴവെള്ള കൊക്കരണി.

^1970 കളിലെ ഒരു പാരിസ്ഥിതിക പ്രസ്ഥാനം. മരം മുറിക്കെതിരെ മരങ്ങളെ ആലിംഗനം ചെയ്തുകൊണ്ട് ചെറുത്തുനിന്നവരുടെ പ്രസ്ഥാനം.




*ഹിന്ദി ഭാഷയിൽ അമ്മാവൻ


അതേ വർഷം തന്നെ മലയോര മേഖലകളിൽ തേയിലത്തോട്ടങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി സർക്കാർ ആരംഭിച്ചു.
ഉത്തരാഖണ്ഡ് സംസ്ഥാന സർക്കാർ മലയോര വികസന പരിപാടിക്ക് കീഴിൽ തേയില കൃഷി പ്രോത്സാഹിപ്പിക്കുന്നു.
ഞാൻ അത് ചെയ്യാൻ പോകുന്നു. ഞാൻ തേയില നട്ടുപിടിപ്പിച്ചാൽ, ഒരു കാവൽക്കാരനുണ്ടെങ്കിൽ, ചെടികളും മരങ്ങളും പരിപാലിക്കപ്പെടും.
ജഗ്ദീഷ് തന്റെ പരിശ്രമം തുടർന്നു. വനം വികസിച്ചുകൊണ്ടിരുന്നു.
ഒടുവിൽ 2012 – ൽ
ഗധേരയിലൂടെ വെള്ളം ഒഴുകുന്നു! വിശ്വാസം വരുന്നില്ലെങ്കിൽ വന്നു കാണൂ.
ഈ ദിവസത്തിനുവേണ്ടി ഞാൻ ഒരുപാടു നാളായി കാത്തിരിക്കുകയായിരുന്നു.
നിന്റെ കഠിനാധ്വാനത്തിന് ഫലമുണ്ടായി, മകനേ! ഞങ്ങൾ നിന്നിൽ വിശ്വസിച്ചില്ല, അതിൽ ലജ്ജിക്കുന്നു.
നമ്മുടെ ഭാവി സുരക്ഷിതമാണ്. പണം കൊടുത്തു വാങ്ങാൻ കഴിയുന്ന മറ്റെന്തിനേക്കാളും ഈ സന്തോഷം വിലമതിക്കുന്നു.
സിർക്കോട്ട് ഗ്രാമം മുഴുവൻ ജഗദീഷിന്റെ വിജയത്തിൽ ആഹ്ലാദിച്ചു.
ഗ്രാമത്തിലെ 150 – ലധികം കുടുംബങ്ങൾ വെള്ളത്തിനായി ഈ ഗധേരയെ ആശ്രയിക്കുന്നു, നിങ്ങൾ അവരുടെ ജീവിതം മാറ്റിമറിച്ചു. അവരെ കൈവിടാതിരുന്നതിനു നന്ദി.
ഇനി, ഗധേര നിറഞ്ഞുതന്നെ നിൽക്കാൻ, നമ്മൾ കൂടുതൽ മരങ്ങൾ നടണം.
30 വർഷത്തിനിടെ ജഗദീഷ് തന്റെ ഗ്രാമത്തിൽ 15,000 മരങ്ങൾ നട്ടുപിടിപ്പിച്ചു. ഒടുവിൽ–
ഞങ്ങൾ അയൽ ഗ്രാമത്തിൽ നിന്നുള്ളവരാണ്, ഞങ്ങളുടെ ജലസ്രോതസ്സുകളെ ജീവസുറ്റതാക്കാൻ ആഗ്രഹമുണ്ട്. എവിടെ നിന്നാണ് ഞങ്ങൾ ആരംഭിക്കേണ്ടത്?
തൈകൾ നട്ടുകൊണ്ട് ആരംഭിക്കുക, മുറിക്കുന്ന ഓരോ മരത്തിനും അഞ്ച് മരങ്ങൾ നട്ടുപിടിപ്പിക്കാൻ ഓർമ്മിക്കുക.

# റാഫി രാമനാഥ്




*കേരളത്തിലെ ആലപ്പുഴ ജില്ലയിലെ ഒരു പ്രദേശം.


കുറച്ച് ആഴ്ച്ചകൾക്കു ശേഷം–
സ്കൂൾ നമുക്കനു വദിച്ചു തന്ന ഈ സ്ഥലത്ത് ഒരു ഔഷധത്തോട്ടം ഉണ്ടാക്കാം. വേപ്പ്, അശോകം തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കാം.
തോട്ടം ഉണ്ടാക്കാൻ റാഫിക്ക് വനംവകുപ്പിൽ നിന്ന് തൈകൾ ലഭിച്ചു.


വർഷങ്ങളോളം റാഫിയും വിദ്യാർത്ഥികളും ചേർന്ന് നിരവധി ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിച്ചു.
ഞങ്ങൾ അടുത്ത വർഷം പാസ്സായി പോയാൽ എന്തു ചെയ്യും?
അടുത്ത ബാച്ചിലെ വിദ്യാർത്ഥികൾ തോട്ടം പരിപാലിക്കും.
വർഷങ്ങളേറെയായി വിദ്യാർഥികൾ പരിചരിക്കുന്ന 150 ഇനം സസ്യങ്ങളാണ് ഹെർബൽ ഗാർഡനിൽ ഉള്ളത്.


ഹെർബൽ ഗാർഡൻ ഒരു വിജയമായി. ഇനി എന്റെ സമയവും ഊർജ്ജവും പരിസ്ഥിതി സംരക്ഷണത്തിനായി സമർപ്പിക്കണം.


റാഫി ഉടൻ തന്നെ ഒരു എൻജിഒയുമായി സഹകരിച്ച് ജില്ലയിലുടനീളം പ്ലാന്റേഷൻ ഡ്രൈവ് ചെയ്യാൻ ആരംഭിച്ചു.
ഞങ്ങളുടെ അടുത്ത ഡ്രൈവിൽ ഞങ്ങൾക്കൊപ്പം ചേരാൻ നിങ്ങളുടെ സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടും പറയുക. വീടിന് സമീപം നടാൻ ആഗ്രഹിക്കുന്നവർക്കും തൈകൾ നൽകുന്നുണ്ട്.
വർഷങ്ങളായി റാഫി ഒരു ലക്ഷത്തിലധികം മരങ്ങൾ നട്ടുപിടിപ്പിക്കുകയും രണ്ട് ലക്ഷത്തിലധികം തൈകൾ വിതരണം ചെയ്യുകയും ചെയ്തു.













* 2168 സക്വയർ ഫീറ്റ്.

^അറിവിന്റെ വനം

# റിപു ദാമൻ ബെവ്‌ലി


ഡൽഹിയിലെ മലിനീകരണം ഭയാനകമായ നിലയിലെത്തി. സ്കൂളിൽ വരുമ്പോൾ നിങ്ങൾ മാസ്ക് ധരിക്കാറുണ്ടെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.
അതെ സർ. ഇത് കൂടുതൽ വഷളായതായി തോന്നുന്നു!
അതുല്യമായ രീതിയിൽ മലിനീകരണത്തിനെതിരെ പോരാടിയ റിപു ദാമൻ ബെവ്‌ലിയെ ഓർമ്മ വരുന്നു.
റിപു ദാമൻ ബെവ്‌ലി തന്റെ അമ്മ രൺബീർ കൗറിനും ഇളയ സഹോദരി ജാസ്മിനുമൊപ്പമാണ് ഡൽഹിയിൽ വളർന്നത്.
ആറ് വയസ്സ് മാത്രം പ്രായമുള്ള ജാസ്മിനെ റിപു വളരെ നന്നായി പരിപാലിക്കുന്നുണ്ട്.
സ്പോർട്സിൽ, പ്രത്യേകിച്ച് ക്രിക്കറ്റിൽ അവൻ അതീവ താല്പര്യം കാണിക്കുന്നതായും രൺബീർ ശ്രദ്ധിച്ചു.
അടുത്ത കുറച്ച് വർഷങ്ങളിൽ, റിപു സംസ്ഥാന തലത്തിൽ ക്രിക്കറ്റ് കളിക്കാൻ പോകാൻ തുടങ്ങി.
എനിക്ക് എന്റെ കളി മെച്ചപ്പെടുത്തണം. ഒരു ദിവസം ഇന്ത്യയെ പ്രതിനിധീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.




* സൈനസുകളെ ആവരണം ചെയ്യുന്ന ടിഷ്യുവിന്റെ വീക്കം
^പ്ലോഗ്ഗിംഗ് പ്രസ്ഥാനത്തിന്റെ സ്ഥാപകൻ

**പ്ലഗ്ഗിംഗ് സ്വീഡിഷ് ഭാഷയിൽ 'പിക്ക് അപ്പ്' എന്നർത്ഥം വരുന്ന 'പ്ലോക്ക് അപ്പ്', 'ജോഗിംഗ്' എന്നിവ സംയോജിച്ച വാക്കാണ്.




*മാലിന്യം തള്ളുന്ന ആളുകൾ
^വൃത്തിയാക്കുന്ന ആളുകൾ

**നോമ്പ്
^^യാത്ര

# നാഗനദി




*തമിഴ്നാട്ടിലെ വെല്ലൂർ ജില്ലയിലെ ഒരു ഗ്രാമം

^പരമ്പരാഗത റിചാർജ്ജ് കിണറുകൾ




*തമിഴ് ഭാഷയിൽ സഹോദരി




*സിക്കിമിലെ ഒരു ഗ്രാമം

^സോംഗോ – സോം എന്നാൽ 'തടാകം', ഗോ എന്നാൽ 'തല'




*സിക്കിമിന്റെ തലസ്ഥാനം
^സിക്കിമിനും ടിബറ്റിനും ഇടയിലുള്ള ഒരു ചുരം

**സോംഗോ തടാക സംരക്ഷണ സമിതി
^^വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ


അദ്ദേഹം ഗവൺമെന്റിനേയും നാട്ടുകാരേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി മാറി, ടിപിഎസ്എസിനായി മാനേജ്മെന്റ് പ്രോഗ്രാമുകൾ തുടങ്ങി.
ഫാസ്റ്റ് ഫുഡ് ഔട്ട്ലെറ്റുകളാണ് മലിനീകരണത്തിന്റെ പ്രധാന ഉറവിടം. അവർ തണ്ണീർത്തടത്തിനടുത്താണ്. നമുക്ക് അവരെ അകലേക്ക് മാറ്റാം.
വിനോദസഞ്ചാരികൾക്ക് പ്ലാസ്റ്റിക് ബാഗുകൾക്കു പകരം തുണി സഞ്ചികൾ നൽകാം.
കോംപ്ലക്സ് സോംഗോയിൽ നിന്ന് 100 മീറ്റർ താഴെയുള്ള സ്ഥലത്തേക്ക് മാറ്റി, അതോടെ തടാകത്തിലേക്ക് മലിനജലം തള്ളുന്നത് അവസാനിച്ചു.
ടിപിഎസ്എസിലൂടെ, സാംഗെയും സുഹൃത്തുക്കളും മറ്റ് നിരവധി സുപ്രധാന മാറ്റങ്ങൾ വരുത്തി.
കപ്പ് നൂഡിൽ ബോക്സുകളാണ് ഇവിടെ ഏറ്റവും കൂടുതൽ മാലിന്യം സൃഷ്ടിക്കുന്നത്. നമുക്ക് അവയുടെ വിൽപ്പന ഉടൻ തടയാം.
കൂടാതെ തടാകത്തിന് ചുറ്റും ഇനിയും ധാരാളം വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കേണ്ടതുണ്ട്.
തടാകത്തിന് ചുറ്റുമുള്ള പ്രദേശം ദിവസേന രണ്ടുതവണ വൃത്തിയാക്കാൻ തുടങ്ങി, മാലിന്യങ്ങൾ വേർതിരിക്കാനായി ശേഖരിച്ചു.
പുനരുപയോഗിക്കാവുന്ന ചവറുകൾ സ്ക്രാപ്പ് ഡീലർമാർക്ക് കൈമാറുകയും റീസൈക്കിൾ ചെയ്യുകയും ചെയ്തു.
സോംഗോയെ സംരക്ഷിക്കുന്നതിനുള്ള ടിപിഎസ്എസിന്റെ പരിശ്രമങ്ങൾ സിക്കിം സർക്കാരിന്റെ നിരവധി പുരസ്കാരങ്ങൾ നേടിക്കൊടുത്തു.
ഒരു സമൂഹം ഒരു ലക്ഷ്യത്തിനായി ഒന്നിക്കുന്നതിന്റെ എത്ര മഹത്തായ ഉദാഹരണം!
ഇന്ന്, പ്രതിവർഷം നാലു ലക്ഷത്തിലധികം വിനോദസഞ്ചാരികൾ ഒഴുകിയെത്തുന്നുണ്ടെങ്കിലും, ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനങ്ങളിലൊന്നാണ് സിക്കിം.
ഈ നാഴികക്കല്ല് കൈവരിക്കുന്നതിന് സാംഗേയുടെ സംഭാവനയെ ഇന്ത്യൻ പ്രധാനമന്ത്രിയും പ്രശംസിച്ചു.
സിക്കിമിലെ സാംസ്കാരിക ഐക്കണായ സോംഗോയെ മാറ്റിമറിച്ചത് സാംഗെ ഷെർപ്പ ജിയുടെ ശ്രമങ്ങളാണ്!
സാംഗെ, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിനോദ സഞ്ചാരികളെയും നാട്ടുകാരെയും ഒരുപോലെ പ്രചോദിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുന്നത് തുടരുന്നു.

# സേവ് ചിറ്റെ ലൂയി




*മിസോറത്തിന്റെ തലസ്ഥാനം

^മിസോറത്തിലെ ജനങ്ങൾ




*തടയണകൾ – അവശിഷ്ടങ്ങൾ തടയുന്നതിനും തടസ്സപ്പെടുത്തുന്നതിനുമായി നിർമ്മിക്കുന്നു.

^നാഷണൽ സർവ്വീസ് സ്കീം

# സുരേഷ് കുമാർ


സർ, ഞങ്ങൾ ഒരു മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ചു ചർച്ച ചെയ്യുകയായിരുന്നു, പക്ഷേ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പ്രവർത്തിക്കാൻ നിരവധി കാരണങ്ങളുണ്ട്.
നിങ്ങളുടെ ഹൃദയത്തോട് ഏറ്റവും അടുത്ത ഒരു കാരണത്തിൽ നിന്ന് ആരംഭിക്കുക, ക്ഷമയോടെ അതിൽ പ്രവർത്തിക്കുക, ചരൺ.
ഇന്നത്തെ കഥയിലെ നായകനെപ്പോലെ, വർഷങ്ങളോളം ചെലവഴിച്ച് നഗരത്തിന്റെ ഒരു ഭാഗം ഹരിതാഭവും മനോഹരവുമാക്കിയ സുരേഷ് കുമാർ.
ബെംഗളൂരു സഹകാര നഗറിലെ താമസക്കാരനായ സുരേഷ് കുമാർ വർഷങ്ങളായി 'നിങ്ങൾ കാണാൻ ആഗ്രഹിക്കുന്ന മാറ്റം ലോകത്തു കൊണ്ടുവരിക' എന്ന തത്വം ഉൾക്കൊള്ളുന്നു.
ഇരുപത് വർഷങ്ങൾക്കു മുമ്പ് സഹകാര നഗറിൽ സുരേഷ് 2500 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിരുന്നു. ഇവ ഇപ്പോൾ പൂർണ്ണവളർച്ചയെത്തിയ മരങ്ങളാണ്, ഓരോന്നിനും സാംസ്കാരിക പ്രാധാന്യമുള്ള ഒരു വ്യക്തിയുടെ പേരാണ് നൽകിയിരിക്കുന്നത്.
ഒരു പ്രധാന നിരീക്ഷണത്തിൽ നിന്നാണ് തൈകൾ നടാനുള്ള തീരുമാനം ഉണ്ടായത്.



'ഇന്ത്യയുടെ പൂന്തോട്ട നഗരം' എന്ന് ലേബൽ ചെയ്യപ്പെട്ട ബംഗളൂരു ഒരു കാലത്ത് സസ്യജാലങ്ങൾക്കും വിശാലമായ പൂന്തോട്ടങ്ങൾക്കും തടാകങ്ങൾക്കും പേരുകേട്ടതായിരുന്നു.
1973
1992
2008
2021
ഖേദകരമെന്നു പറയട്ടെ, കഴിഞ്ഞ 50 വർഷത്തിനിടെ നഗരത്തിന്റെ 88% പച്ചപ്പും 79% നീർത്തടങ്ങളും ത്വരിതമായ നഗരവൽക്കരണം മൂലം നഷ്ടപ്പെട്ടു.
ഈ ദ്രുതഗതിയിലുള്ള അപചയം വളരെ അസ്വസ്ഥജനകമാണ്. പെട്ടെന്ന് എന്തെങ്കിലും ചെയ്തില്ലെങ്കിൽ, സസ്യങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെടും.
പ്രധാന റോഡുകളിലും റെയിൽവേ ട്രാക്കുകളിലും സഹകാര നഗറിലെ പാർക്കുകളിലും സുരേഷ് വൃക്ഷത്തൈകൾ നടാൻ തുടങ്ങി.
നാം എത്രമരങ്ങൾ നടുന്നുവോ അത്രത്തോളം നമ്മുടെ ഭാവി ഹരിതാഭമാകും!
പ്രദേശത്തെ താമസക്കാരെയും ഇതു ചെയ്യാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.
തുടക്കത്തിൽ, അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തിന് പ്രശ്നങ്ങൾ നേരിട്ടു.
ഞങ്ങൾ നിങ്ങളെ വിശ്വസിക്കുന്നില്ല. ഇതിനെ രാഷ്ട്രീയത്തിൽ ചേരാനോ മറ്റോ നിങ്ങൾ ഉപയോഗിച്ചാലോ?
രാഷ്ട്രീയം എന്നെ ആകർഷിക്കുന്നില്ല സർ. പ്രകൃതി നമുക്ക് ഒരുപാട് നൽകിയിട്ടുണ്ട്, അതിനാൽ പരിസ്ഥിതിയെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് എന്റെ കടമയാണ്.
വേനൽക്കാലത്ത് ചെടികൾ നനയ്ക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. പക്ഷേ–
വഴിയുണ്ട്! ഞാൻ ജലസംഭരണികൾ നിർമ്മിക്കും, ചെടികൾക്ക് വെള്ളം നനയ്ക്കാൻ കഴിയുന്ന പരിചാരകരെ നിയമിക്കുകയും ചെയ്യും.
ഇതുകൂടാതെ, എല്ലാ ദിവസവും തൈകളുടെ വളർച്ചയ്ക്ക് സുരേഷ് വ്യക്തിപരമായി മേൽനോട്ടം വഹിക്കും.


സുരേഷിന്റെ പ്രയത്നത്താൽ, മഹാഗണി, വേപ്പ്, മരമുല്ല, ജകരണ്ട തുടങ്ങി നിരവധി മരങ്ങൾ ഇന്ന് ഈ പ്രദേശത്തുണ്ട്.
അവിടത്തെ വായു ശുദ്ധവും പുതുമയുള്ളതുമാണ്, ഈ പ്രദേശത്തെ നഗരത്തിലെ ഏറ്റവും കൂടുതൽ താമസ യോഗ്യമായ സ്ഥലങ്ങളിൽ ഒന്നാക്കി ഇതു മാറി.
കർണാടകയുടെ ഭാഷ, ചരിത്രം, സംസ്കാരം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും സുരേഷ് പ്രവർത്തിച്ചിട്ടുണ്ട്.
ഇതിനായി അദ്ദേഹം 500 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു ബസ് ഷെൽട്ടർ നിർമ്മിച്ചു, അതിൽ കവികളുടെയും സംസ്ഥാനത്തെ മറ്റ് പ്രമുഖരുടെയും ചിത്രങ്ങൾ ഉണ്ട്.
ബസ് സ്റ്റാൻഡിൽ എല്ലാത്തരം കന്നഡ ഗാനങ്ങൾ – ഭക്തി ഗാനങ്ങൾ നാടോടി സംഗീതം, ക്ലാസ്സിക്കൽ ഗാനങ്ങൾ, സിനിമാ ഗാനങ്ങൾ എന്നിവ ഇവിടെ പ്ലേ ചെയ്യുന്നു.
ആളുകളെ ബോധ വൽക്കരിക്കാനുള്ള എത്ര ക്രിയാത്മക മായ മാർഗം!
ചില ഓഡിയോകൾ കർണാടകയുടെ സമ്പന്നമായ ചരിത്ര ത്തെക്കുറിച്ച് പ്രത്യേകം രേഖപ്പെടുത്തിയ വിവരങ്ങളാണ്.
എത്ര പ്രശംസിച്ചാലും, ലളിതമായ തത്വചിന്തയുള്ള, ലളിതമായ മനുഷ്യനായി സുരേഷ് തുടരുന്നു.
ഞാൻ മരങ്ങൾ നട്ടുപിടിപ്പിക്കുകയും നമ്മുടെ പരിസ്ഥിതിയും സംസ്കാരവും സംരക്ഷിക്കു കയും ചെയ്യും – കാരണം എനിക്കതിനു കഴിയും, എനിക്കതു വേണം.


തുൾസിരാം യാദവ്
ഇന്നത്തെ കഥ നേതൃത്വത്തിന്റെ ശക്തിയെക്കുറിച്ചാണ്. ഗ്രാമത്തലവനായ തുളസി റാം യാദവിനെ കുറിച്ച്, അദ്ദേഹത്തിന്റെ മാർഗനിർദേശപ്രകാരം തന്റെ ഗ്രാമത്തിന്റെ ജലക്ഷാമം പരിഹരിക്കാൻ കഴിഞ്ഞു.
ഉത്തർപ്രദേശിലെ ബന്ദയിലെ ലുഖ്താര ഗ്രാമം ഏതാനും വർഷങ്ങൾക്കു മുമ്പു വരെ കടുത്ത ജലക്ഷാമം നേരിട്ടിരുന്നു.
കൃഷിക്ക് വെള്ളമില്ല. നമ്മുടെ കുളങ്ങൾ വറ്റിവരളുന്നു.
ദൂരെയുള്ള കിണറുകളിൽ നിന്ന് വെള്ളം കിട്ടുന്നത് ബുദ്ധിമുട്ടാണ്. നമ്മുടെ പുതിയ ഗ്രാമപ്രധാൻ* സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.
ഗ്രാമവാസികൾ ഭാഗ്യമുള്ളവരായിരുന്നു. പുതിയ ഗ്രാമ പ്രധാൻ തുളസി റാം യാദവ് പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിച്ചു.
വിഷമിക്കേണ്ട, വെള്ളത്തിന്റെ പ്രശ്നം പരിഹരിക്കാൻ ഞാൻ ഇവിടെയുണ്ട്. നമ്മൾ ഒരുമിച്ച് പ്രവർത്തിക്കും.
ജലപ്രശ്നം പരിഹരിക്കുമെന്ന് നിങ്ങൾ ഇന്നലെ പറഞ്ഞു. പക്ഷെ എങ്ങനെ?
പരിഹാരം ലളിതമാണ്. വയലിലെ വെള്ളം വയലിൽ തങ്ങിനിൽക്കുന്നു, ഗ്രാമത്തിലെ വെള്ളം ഗ്രാമത്തിൽ തങ്ങിനിൽക്കുന്നു.
നിങ്ങളെന്താണ് അർത്ഥമാക്കുന്നത് തുൾസി രാം ജി?
കൃഷിക്കും ഗ്രാമ ഉപയോഗത്തിനുമായി ജലസ്രോതസ്സുകൾ വെവ്വേറെ സൂക്ഷിക്കുക, അത് കലരുകയോ പാഴാകുകയോ ചെയ്യരുത്.

*ഗ്രാമ മുഖ്യൻ


തുളസി റാമിന്റെ ആശയത്തെക്കുറിച്ച് ഗ്രാമവാസികൾക്ക് ആകാംക്ഷയുണ്ടായിരുന്നു, പക്ഷേ എങ്ങനെ മുന്നോട്ട് പോക ണമെന്ന് നിശ്ചയമുണ്ടായിരുന്നില്ല.
പപ്പാ, 'ഗ്രാമ ത്തിലെ വെള്ളം ഗ്രാമ ത്തിൽ തങ്ങിനിൽ ക്കുന്നു' എന്നതുകൊണ്ട് തുളസി റാം ജി എന്താണ് ഉദ്ദേശിച്ചത്?
അതായത് നമ്മുടെ ഗ്രാമത്തിലെ വെള്ളം കുടി ക്കാനും മറ്റ് വീട്ടാവശ്യങ്ങ ൾക്കും സൂക്ഷിക്കണം എന്നാണ്. അത് പാഴാക്കു കയോ മറ്റെവിടെയെങ്കിലും ഉപയോഗിക്കുകയോ ചെയ്യരുത്.
അങ്ങനെ, നമുക്ക് ഓരോരു ത്തർക്കും വെള്ളം ലാഭി ക്കാൻ സഹായക രമാകുമോ?
അതെ, ഓരോ തുള്ളിയും പ്രധാനമാണെന്ന് മനസ്സിലാ ക്കുമ്പോൾ, നമ്മുടെ എല്ലാ ജല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും.
മഴവെള്ളം സംരക്ഷിച്ച് കൃഷി തുടങ്ങണമെന്ന് തുളസി റാം കർഷകരെ ഉപദേശിച്ചു.
നമുക്ക് നമ്മുടെ വയലു കളിൽ കുളങ്ങൾ കുഴിച്ച് അവയെ കനാലുകളുമായി ബന്ധിപ്പിക്കാം. കാർഷിക ആവശ്യങ്ങൾക്കായി നമ്മൾ മഴവെള്ളം ശേഖരിക്കും.
അത് വർഷം മുഴുവൻ വിള വെടുക്കാൻ നമ്മെ സഹാ യിക്കും. നമ്മൾ അത് ഒരി ക്കൽ ചെയ്യണം.
കർഷകർ 40 ഓളം കുളങ്ങൾ കുഴിച്ച് കനാലു കളുമായി ബന്ധിപ്പിച്ചു.
വർഷങ്ങൾ കഴിഞ്ഞുപോയി–
ഒരിക്കൽ വറ്റിപ്പോയ കുളങ്ങൾ ഇപ്പോൾ വെള്ളം നിറഞ്ഞ് നമുക്ക് ഐശ്വര്യം കൊണ്ടുവന്നു.
അതെ, തുളസി റാം ജി പറഞ്ഞത് ശരിയാണ്. ലുഖ്താര ഇപ്പോൾ ഒരു മാതൃകാ ഗ്രാമമാണ്.
തന്റെ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ തുളസി റാം യാദവിന്റെ ജലസംരക്ഷണ ശ്രമങ്ങളെ പ്രധാനമന്ത്രി മോദി പ്രശംസിച്ചതിനെ തുടർന്ന് –
തുളസി റാം ജി, നിങ്ങൾ ഒരു ജലസം രക്ഷക വീരനാണ്! ലോകം ഇപ്പോൾ നമ്മുടെ ഗ്രാമത്തെ അറിയുന്നു.
നമ്മൾ ഒരുമിച്ച് പ്രവർത്തി ക്കുകയും മാറ്റം കൊണ്ടുവരി കയും ചെയ്തു.



# മൻ കി ബാത്ത്

## വാല്യം – 8

‘ലോകത്ത് മനുഷ്യന്റെ ആവശ്യത്തിനുള്ളത് ഉണ്ട്, എന്നാൽ മനുഷ്യന്റെ അത്യാഗ്രഹത്തിന് പര്യാപ്തമല്ല.’ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞ വാക്കുകളാണിത് വേഗതയേറിയ ഈ കാലത്ത് നമ്മളെപ്പോഴോ ഇതു കൈവിട്ടുപോയി. ബിസിനസ്സുകളും വ്യവസായങ്ങളും കുതിച്ചുയരുന്നതോടെ, ടൺ കണക്കിന് മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുകയും പരിസ്ഥിതിക്ക് പരിഹരിക്കാനാകാത്ത നാശം സംഭവിക്കുകയും ചെയ്തു. എന്നിരുന്നാലും, ഇത് തടയാൻ നമുക്കാവശ്യം, ചുമതലയേറ്റെടുക്കാൻ ഉത്തരവാദിത്തമുള്ള കുറച്ചു പൗരന്മാരെയാണ്.

മൻ കി ബാത്തിന്റെ എട്ടാം വാല്യം, രാജ്യമെമ്പാടുമുള്ള ചില മനുഷ്യർ അവരുടെ ചുറ്റുവട്ടത്തിൽ നടക്കുന്ന പ്രശ്നം കാണുകയും അത് പരിഹരിക്കാനുള്ള ദൗത്യം സ്വയം ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നു.

കുരുവികൾക്ക് വംശനാശം സംഭവിക്കാതിരിക്കാൻ വീടുകൾ നിർമിച്ച ഇന്ദർ പാൽ സിംഗ് ബത്ര മുതൽ നാഗനദിയെ പുനരുജ്ജീവിപ്പിച്ച തമിഴ്നാട്ടിലെ സ്ത്രീകൾ വരെയുള്ള ഈ പതിനൊന്ന് കഥകളും പരിസ്ഥിതിയെ സംരക്ഷിക്കുന്ന വീരന്മാരെക്കുറിച്ചാണ്. അവരോരോരുത്തരും ശരിയായ ദിശയിലേക്ക് ചുവടുവെക്കുകയും നൂറുകണക്കിനുള്ള മറ്റു മനഷ്യരെ അവരുടെ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ പ്രചോദിപ്പിക്കുകയും ചെയ്തു.



₹99

www.amarchitrakatha.com
ISBN 978-93-6127-785-6
9 789361 277856